ടി.കെ ഉബൈദ്



ഖുര്‍ആന്‍ ബോധനം

# 1005

# സൂറ – 31 / ലുഖ്മാന്‍

## സൂക്തം: 08 – 11

മനുഷ്യവര്‍ഗത്തിന്റെ നിലനില്‍പിനാധാരങ്ങളായി ചൂണ്ടിക്കാണിച്ച അനുഗ്രഹങ്ങളെല്ലാം അല്ലാഹു-സാക്ഷാല്‍ പരമേശ്വരന്‍- സൃഷ്ടിച്ചുവെച്ചിട്ടുള്ളതാണെന്ന കാര്യം ബഹുദൈവാരാധകരും തര്‍ക്കമന്യേ സമ്മതിക്കുന്നതാണ്. ആകാശം, ഭൂമി, മലകള്‍, മഴ, സസ്യലതാദികള്‍ ഇവയില്‍ ഏതെങ്കിലുമൊന്നിന്റെ സൃഷ്ടി തങ്ങള്‍ പൂജിക്കുന്ന പ്രതിഷ്ഠകളുടെ അല്ലെങ്കില്‍ പുണ്യാത്മാക്കളുടെ വകയാണെന്ന് ആരും പറയില്ല. എങ്കില്‍പിന്നെ തങ്ങള്‍ വിശ്വസിക്കുന്ന ബഹുദൈവങ്ങള്‍ സൃഷ്ടിച്ചുതന്നിട്ടുള്ളതായി എന്താണ് വിഗ്രഹാരാധകര്‍ക്ക് ചൂണ്ടിക്കാണിക്കാനുള്ളത്?

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ لَهُمْ جَنَّاتُ النَّعِيمِ ﴿٨﴾

8. എന്നാല്‍ സത്യധര്‍മങ്ങളില്‍ വിശ്വസിക്കുകയും സല്‍ക്കര്‍മങ്ങളാചരിക്കുകയും ചെയ്യുന്നവരുണ്ടല്ലോ, അവര്‍ക്കുള്ളത് സൗഭാഗ്യങ്ങളേറിയ സ്വര്‍ഗീയാരാമങ്ങളാകുന്നു.

خَالِدِينَ فِيهَا ۖ وَعْدَ اللَّهِ حَقًّا ۚ وَهُوَ الْعَزِيزُ الْحَكِيمُ ﴿٩﴾

9. അവരതില്‍ നിത്യവാസികളാകുന്നു. അല്ലാഹുവിങ്കല്‍നിന്നുള്ള സത്യവാഗ്ദാനമത്രെ ഇത്. അവന്‍ അജയ്യനും അഭിജ്ഞനുമല്ലോ.

**8,9**

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = (എന്നാല്‍ സത്യധര്‍മങ്ങളില്‍) വിശ്വസി(ക്കുകയും)ച്ചവരും സല്‍ക്കര്‍മങ്ങള്‍ ആചരിച്ച(ക്കുകയും ചെയ്തവരുണ്ടല്ലോ) വരും

لَهُمْ = (ര്‍ക്കുള്ളത്) അവര്‍ക്കുണ്ട് جَنَّاتُ النَّعِيمِ = അനുഗൃഹീതമായ (സൗഭാഗ്യങ്ങള്‍ നിറഞ്ഞ സ്വര്‍ഗീയ) ആരാമങ്ങളാകുന്നു

خَالِدِينَ فِيهَا = അവര്‍ അതില്‍ നിത്യവാസികളാ(കുന്നു)യ നിലയില്‍

وَعْدَ اللَّهِ حَقًّا = (ഇത്) അല്ലാഹുവി(ങ്കല്‍ നിന്നുള്ള)ന്റെ സത്യമായ നിലയിലുള്ള വാഗ്ദാനമത്രെ

وَهُوَ = അവന്‍ الْعَزِيزُ الْحَكِيمُ = അഭിജ്ഞനായ (നും) അജയ്യനാ(നുമല്ലോ)കുന്നു

മുഹമ്മദ് നബിയെയും അദ്ദേഹത്തിന്റെ പ്രബോധനത്തെയും പുഛിച്ചുതള്ളുകയും ആളുകളെ അദ്ദേഹത്തില്‍നിന്ന് അകറ്റുന്നതിനു വേണ്ടി പണം ചെലവിട്ട് തമാശകളും വിനോദങ്ങളും അവതരിപ്പിക്കുകയും ഖുര്‍ആന്‍ പാരായണം കേട്ടാല്‍ അഹന്തയോടെ പുറംതിരിഞ്ഞു പോവുകയും ചെയ്യുന്ന ധിക്കാരികളുടെ ദുരന്തപര്യവസാനത്തെക്കുറിച്ച് താക്കീതു ചെയ്ത ശേഷം പ്രവാചകനിലും ഖുര്‍ആനിലും വിശ്വസിക്കുകയും ആ വിശ്വാസം ആവശ്യപ്പെടുന്ന സല്‍ക്കര്‍മങ്ങള്‍ അനുഷ്ഠിക്കുകയും ചെയ്യുന്ന സജ്ജനങ്ങളെ അവരുടെ സൗഭാഗ്യകരമായ പര്യവസാനത്തെക്കുറിച്ച് സുവിശേഷമറിയിക്കുകയാണ്. പ്രഥമ സൂക്തത്തില്‍ പരാമര്‍ശിച്ച അനുഗൃഹീത സന്മാര്‍ഗം ലഭിച്ച സുകൃതരാണവര്‍. നമസ്കാരം അനുഷ്ഠിക്കുകയും സകാത്ത് കൊടുക്കുകയും പരലോകത്തില്‍ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവര്‍. അതോടൊപ്പം അവരുടെ കഴിവില്‍പെട്ട എല്ലാ സുകൃതങ്ങളും ചെയ്തുകൊണ്ടിരിക്കുന്നവര്‍. അവരാണ് യഥാര്‍ഥത്തില്‍ വിശ്വസിക്കുന്നവര്‍. ഈ സുകൃതങ്ങളില്‍ പ്രവാചകനോടുള്ള നിഷ്കളങ്കമായ കൂറും അദ്ദേഹത്തിന്റെ ജീവിതചര്യയോടു

ള്ള താൽപര്യവും ഖുർആനിനോടുള്ള ആദരവും അതു പഠിക്കാനും പ്രചരിപ്പിക്കാനും നടത്തുന്ന പരിശ്രമങ്ങളും ഉൾപ്പെടുന്നു. അത്തരം ആളുകൾക്ക് അല്ലാഹു ആനന്ദസൗഭാഗ്യങ്ങൾ നിറഞ്ഞ സ്വർഗം ഒരുക്കിവെച്ചിരിക്കുന്നു. ആ മഹാ അനുഗ്രഹവുമായി താരതമ്യം ചെയ്യുമ്പോൾ അതിനുവേണ്ടി ധിക്കാരികളിൽനിന്ന് നേരിടേണ്ടിവരുന്ന പുഛവും പരിഹാസവും അവഗണനയുമെല്ലാം കേവലം നിസ്സാരമാകുന്നു. ഈ പീഡനം വിശ്വാസികളുടെ ഭൗതികജീവിതം അവസാനിക്കുന്നതുവരെ അല്ലെങ്കിൽ അവരെ പീഡിപ്പിക്കുന്നവരുടെ ഭൗതികജീവിതം അവസാനിക്കുന്നതുവരെ, മാത്രമേയുള്ളൂ. എന്നാൽ അതിനു പ്രതിഫലമായി ലഭിക്കാനിരിക്കുന്ന സ്വർഗം ശാശ്വതമാകുന്നു. അതിനു നാശമില്ല. അതിൽ പ്രവേശനം ലഭിക്കുന്നവർക്ക് മരണവുമില്ല.

وَعْدَ اللَّهِ حَقًّا-ന്റെ ഭാഷാർഥം സത്യമായി പുലരുന്ന അവസ്ഥയിലുള്ള ദൈവിക വാഗ്ദാനം എന്നാണ്. وعدهم الله ذلك وحقه حقا (അത് അല്ലാഹു അവർക്ക് വാഗ്ദാനം ചെയ്യുകയും യാഥാർഥ്യമാക്കുകയും ചെയ്തിരിക്കുന്നു) എന്ന വാക്യത്തിന്റെ സംക്ഷിപ്ത രൂപമാണതെന്ന് ഭാഷാഭിജ്ഞർ പറയുന്നു. ഇതിന് രണ്ട് ആശയങ്ങളുണ്ട്: 1. അല്ലാഹു നൽകുന്ന ഈ വാഗ്ദാനം സത്യമായി പുലരുന്നതാകുന്നു. സൃഷ്ടികളുടെ വാഗ്ദാനം പോലെ പുലരാനും പാഴാകാനും സാധ്യതയുള്ളതല്ല. സൃഷ്ടികൾ എത്ര ദൃഢമായും സത്യസന്ധമായും വാഗ്ദത്തം ചെയ്താലും അത് പൂർത്തീകരിക്കപ്പെടാൻ കഴിയാതെ പോകാം. ചിലപ്പോൾ അതിനു മുമ്പ് വാഗ്ദാനം ചെയ്തവന്റെ മനസ്സു മാറാം. വാഗ്ദത്തം ചെയ്തയാളോ ലഭിച്ചയാളോ മരണപ്പെടാം. അല്ലാഹുവിന്റെ വാഗ്ദാനത്തിന് ഇത്തരം തടസ്സങ്ങളൊന്നുമില്ല. അല്ലാഹു എത്ര വലിയ വാഗ്ദാനം ചെയ്താലും യാഥാർഥ്യമാക്കാൻ അവന് ഒരു പ്രയാസവും തടസ്സവും ഇല്ല. 2. അല്ലാഹു ഒരു വാഗ്ദത്തം ചെയ്താൽ അത് സത്യമായി പുലരുക അനിവാര്യമാകുന്നു. കാരണം ഇപ്പറഞ്ഞ രണ്ട് ആശയവും അവന്റെ അജയ്യതയുടെയും അഭിജ്ഞതയുടെയും താൽപര്യമാകുന്നു. അവന്റെ ഒരു ഇഛയെയും ജയിക്കാൻ കഴിവുള്ളവരാരുമില്ല. അവന്റെ ഇഛകളെല്ലാം അവന്റെ ജ്ഞാനത്തിൽനിന്നുള്ളതാകുന്നു. വിവരക്കേടു കൊണ്ടോ അശ്രദ്ധ കൊണ്ടോ അവൻ ഒന്നും ഉദ്ദേശിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ●

---

خَلَقَ السَّمَاوَاتِ بِغَيْرِ عَمَدٍ تَرَوْنَهَا ۖ وَأَلْقَىٰ فِي الْأَرْضِ رَوَاسِيَ أَن تَمِيدَ بِكُمْ وَبَثَّ فِيهَا مِن كُلِّ دَابَّةٍ ۚ وَأَنزَلْنَا مِنَ السَّمَاءِ مَاءً فَأَنبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿١٠﴾

10. നിങ്ങൾ കാണുന്ന തൂണുകളില്ലാതെ അവൻ വാനലോകം സൃഷ്ടിച്ചിരിക്കുന്നു. ഭൂമിയിൽ പർവതങ്ങളുറപ്പിച്ചു; അത് നിങ്ങളെയും കൊണ്ട് ചാഞ്ഞുലയാതിരിക്കാൻ. അതിൽ സകലയിനം ജീവജാലങ്ങളെയും പരത്തുകയും ചെയ്തിരിക്കുന്നു. നാം മാനത്തുനിന്ന് മഴയിറക്കി. അതുവഴി ഭൂമിയിൽ വിലപ്പെട്ട സകല സസ്യവർഗങ്ങളെയും വളർത്തി.

هَٰذَا خَلْقُ اللَّهِ فَأَرُونِي مَاذَا خَلَقَ الَّذِينَ مِن دُونِهِ ۚ بَلِ الظَّالِمُونَ فِي ضَلَالٍ مُّبِينٍ ﴿١١﴾

11. ഇതൊക്കെയും അല്ലാഹുവിന്റെ സൃഷ്ടിയാണല്ലോ. എങ്കിൽ അവനല്ലാത്തവർ സൃഷ്ടിച്ചുതന്നിട്ടുള്ളതെന്താണെന്ന് ഒന്നു കാണിച്ചുതരൂ. പക്ഷേ അതിക്രമങ്ങളനുവർത്തിക്കുന്നവർ തെളിഞ്ഞ മാർഗച്യുതിയിലകപ്പെട്ടിരിക്കുകയാകുന്നു.

**10,11**

خَلَقَ السَّمَاوَاتِ = അവൻ ആകാശങ്ങളെ (വാനലോകത്തെ) സൃഷ്ടിച്ചിരിക്കുന്നു

بِغَيْرِ عَمَدٍ = തൂണുകൾ ഇല്ലാതെ تَرَوْنَهَا = അതിനെ നിങ്ങൾ കാണുന്നു(ന്ന) وَأَلْقَىٰ فِي الْأَرْضِ = ഭൂമിയിൽ ഇട്ടു (ഉറപ്പിച്ചു)

رَوَاسِيَ = (ഉറച്ച) പർവതങ്ങൾ أَن تَمِيدَ بِكُمْ = അതു നിങ്ങളെയും കൊണ്ട് ചായാ(ഞ്ഞുലയാതിരിക്കാ)ൻ

وَبَثَّ فِيهَا = അതിൽ പരത്തുകയും ചെയ്തിരിക്കുന്നു مِن كُلِّ دَابَّةٍ = എല്ലാ (സകലയിനം) ജീവജാലത്തെയും

وَأَنزَلْنَا مِنَ السَّمَاءِ = നാം ആകാശത്തുനിന്ന് ഇറക്കി مَاءً = വെള്ളം (മഴ)

فَأَنبَتْنَا فِيهَا = എന്നിട്ട് അതുവഴി നാം അതിൽ മുളപ്പിച്ചു (ഭൂമിയിൽ വളർത്തി)

مِن كُلِّ زَوْجٍ = സകല(സസ്യ) വർഗത്താലും(ത്തെയും) كَرِيمٍ = മാന്യമായ, വിലപ്പെട്ട, സുന്ദരമായ

هَٰذَا خَلْقُ اللَّهِ = ഇത് (ഒക്കെയും) അല്ലാഹുവിന്റെ സൃഷ്ടി ആകുന്നു

فَأَرُونِي = (എങ്കിൽ) നിങ്ങൾ എനിക്ക് കാണിച്ചുതരുവിൻ مَاذَا خَلَقَ = എന്ത് സൃഷ്ടിച്ചു (എന്ന്)

الَّذِينَ مِن دُونِهِ = അവനല്ലാത്തവർ بَلِ = പക്ഷേ, എങ്കിലും الظَّالِمُونَ = അക്രമികൾ

فِي ضَلَالٍ مُّبِينٍ = വ്യക്തമായ വഴികേടിൽ ആകുന്നു

بِغَيْرِ عَمَدٍ تَرَوْنَهَا എന്നതിലെ ها എന്ന സർവനാമം സൂചിപ്പിക്കുന്നത് عمد-തൂണുകളെയാവാം, വാനലോകത്തെ

യുമാവാം. ആദ്യത്തേതിനെയാണ് സൂചിപ്പിക്കുന്നതെങ്കിൽ 'നിങ്ങൾ കാണുന്ന തൂണുകളില്ലാതെ വാനലോകത്തെ സൃഷ്ടിച്ചു' എന്നാകും ആശയം. രണ്ടാമത്തേതാണ് സൂചിതമെങ്കിൽ 'യാതൊരു തൂണുമില്ലാതെ വാനലോകത്തെ സൃഷ്ടിച്ചുവെച്ചത് നിങ്ങൾ കാണുന്നു' എന്നും. ആദ്യത്തെ അർഥത്തിലെടുത്താൽ വാനലോകത്തിന് നമുക്ക് അഗോചരമല്ലാത്ത തൂണുകളുണ്ടാവാം. ആകർഷണശക്തിയാണ് ആ കാണാതൂണുകൾ എന്ന് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഗ്രഹങ്ങളെല്ലാം അവയുടെ ഭ്രമണപഥത്തിൽ നിലകൊണ്ട് കറങ്ങിക്കൊണ്ടിരിക്കുന്നത് ആകർഷണബലത്താലാണെന്ന് ശാസ്ത്രം പറയുന്നു. ആകർഷണശക്തിയാകുന്ന ഈ തൂണുകൾ നഷ്ടപ്പെട്ടാൽ പ്രപഞ്ചമാകെ താറുമാറാകും.

സൂറഃ *അൽഹജ്ജ്* 65-ാം സൂക്തത്തിൽ وَيُمْسِكُ السَّمَاءَ أَن تَقَعَ عَلَى الْأَرْضِ إِلَّا بِإِذْنِهِ- വാനലോകത്തെ അവന്റെ അനുമതിയില്ലാതെ ഭൂമിയിൽ പതിക്കാതിരിക്കാൻ അവൻ പിടിച്ചുനിർത്തുന്നു- എന്നും സൂറഃ *ഫാത്വിർ* 41-ാം സൂക്തത്തിൽ يُمْسِكُ السَّمَاوَاتِ وَالْأَرْضَ أَن تَزُولَا- വാനലോകത്തെയും ഭൂമിയെയും അവ നീങ്ങിപ്പോകാതിരിക്കാൻ അവൻ പിടിച്ചു നിർത്തുന്നു- എന്നും പ്രസ്താവിച്ചിരിക്കുന്നു. വാനലോകത്തെ ഗോളങ്ങൾ മാത്രമല്ല ഭൂമിയും, ഭൂമുഖത്തുനിന്ന് അന്തരീക്ഷത്തിൽ പൊങ്ങി ചരിക്കുന്ന പക്ഷികളും മേഘങ്ങളുമെല്ലാം ആകർഷണശക്തിയാകുന്ന കാണാത്തൂണുകളിൽ തന്നെയാണ് നിലനിൽക്കുന്നത്. മേഘങ്ങളിൽനിന്ന് മഴ വർഷിക്കുന്നതിനെക്കുറിച്ചാണ് وَأَنزَلْنَا مِنَ السَّمَاءِ مَاءً- മാനത്തുനിന്ന് നാം ജലമിറക്കി- എന്നു പറയുന്നത്. ഖുർആൻ ഏഴാകാശങ്ങളെക്കുറിച്ച് - سبع سماوات പറയുന്നതുപോലെ ഏഴു ഭൂമികളെക്കുറിച്ചും- ومن الأرض مثلهم- ഏഴാകാശങ്ങളിലായി ഏഴു ഭൂമിയുമുണ്ടെന്ന് മനസ്സിലാക്കാം. നമ്മുടെ ഭൂമിയുള്ള ആകാശം തൊട്ടടുത്ത ആകാശത്തിലുള്ളവർക്ക് രണ്ടാം ആകാശമായിരിക്കും. അവരുടെ ഒന്നാം ആകാശം അവരുടെ ഭൂമിയുള്ള ആകാശമായിരിക്കും. ഭൂമിക്ക് പുറത്തുള്ളവർക്ക് ഭൂമിയും ആകർഷണബലത്താൽ സ്വന്തം ഭ്രമണപഥത്തിൽ കറങ്ങുന്ന ഒരാകാശ ഗോളം തന്നെയാണ്. ഭൂമി ഒരിടത്ത് ഉറച്ചുനിൽക്കുന്ന അചരവസ്തുവാണെന്ന പൗരാണിക സങ്കൽപത്തെ ഇത് നിഷേധിക്കുന്നു. ഭൂമി നിലകൊള്ളുന്നത് കാളക്കൊമ്പിലാണെന്നും അതല്ല അനന്തനെന്ന സർപ്പത്തിന്റെ ശിരസ്സിലാണെന്നുമൊക്കെയായിരുന്നുവല്ലോ പൗരാണിക സങ്കൽപം.

راس-യുടെ ബഹുവചനമാണ് رواس. ഭാഷയിൽ, ഇളകാതെ ഒരിടത്ത് ഉറച്ചുനിൽക്കുന്ന വസ്തുവാണ് راس. ആണികൾ, മലകൾ, നങ്കൂരം എന്നൊക്കെ പ്രയോഗാർഥമുണ്ട്. കപ്പലുകളെ ഒരിടത്ത് ഉറപ്പിച്ചു നിർത്തുന്ന നങ്കൂരത്തിന് مِرْسَاةٌ എന്നും കപ്പലുകൾ നങ്കൂരമിടുന്ന സ്ഥലത്തിന് (തുറമുഖം) مرسى എന്നും പറയും. പർവതങ്ങളെ ഉദ്ദേശിച്ചാണ് ഇവിടെ راسيات ഉപയോഗിച്ചിരിക്കുന്നത്. ഭ്രമണപഥത്തിൽ ചരിച്ചുകൊണ്ടിരിക്കുന്ന ഭൂമി ചാഞ്ഞുലയാതെയും പാറിപ്പറക്കാതെയും സന്തുലിതത്വം പാലിക്കുന്നത് അതിൽ പർവതങ്ങളുള്ളതുകൊണ്ടാണ്. ماد-യുടെ വർത്തമാന രൂപമാണ് تَمِيدَ. ഇളകുന്നു, കുലുങ്ങുന്നു എന്നാണ് അർഥം. مادت الأرض എന്നാൽ ഭൂമി പ്രക്ഷുബ്ധമായി, കുലുങ്ങി. أَن تَمِيدَ بِكُمْ എന്നതിന്റെ പൂർണ രൂപം لئلا تميدبكم -അത് നിങ്ങളെയും കൊണ്ട് ചാഞ്ഞുലയാതിരിക്കാൻ- എന്നാണ്. ഭൂമിയുടെ സന്തുലിതത്വത്തിൽ പർവതങ്ങളുടെ പങ്ക് ഭൗതികശാസ്ത്രം തെളിയിച്ചിട്ടുണ്ടെന്നും ഇല്ലെന്നും വാദമുണ്ട്. ഭൗതികശാസ്ത്രം തെളിയിച്ചാലും ഇല്ലെങ്കിലും പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു അക്കാര്യം തെളിച്ചു പറഞ്ഞിരിക്കുന്നു. അതിനാൽ വിശ്വാസികൾക്ക് അതിൽ സന്ദേഹത്തിനിടമില്ല. വൻതോതിലുള്ള മണ്ണെടുപ്പും പാറഖനനവും നടക്കുന്ന സ്ഥലങ്ങളിൽ ഉരുൾപൊട്ടലും ഭൂമികുലുക്കവും വർധിക്കുന്നുവെന്നത് അനുഭവസത്യവുമാകുന്നു. ഈ വാക്യം സൂറഃ *അന്നഹ്ൽ* 15-ാം സൂക്തത്തിലും വന്നിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക.

وَبَثَّ فِيهَا مِن كُلِّ دَابَّةٍ എന്ന വാക്യം സൂറഃ *അൽബഖറ* 164-ാം സൂക്തത്തിൽ വന്നിരിക്കുന്നു. വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കൊടുത്തിട്ടുണ്ട്. മാനത്തുനിന്ന് മഴ വർഷിച്ച് അതുവഴി ഭൂമിയിൽ മേത്തരം സസ്യവർഗങ്ങൾ വളർത്തുന്നു എന്നതാണ് മറ്റൊരു ദൃഷ്ടാന്തം. സൂറഃ *ത്വാഹാ* 53-ാം സൂക്തത്തിൽ وَأَنزَلَ مِنَ السَّمَاءِ مَاءً فَأَخْرَجْنَا بِهِ أَزْوَاجًا مِّن نَّبَاتٍ شَتَّىٰ -മാനത്തുനിന്ന് ജലമിറക്കിയതും അവൻ തന്നെ. അതുവഴി നാം ഭൂമിയിൽ പലതരം സസ്യവർഗങ്ങളുൽപാദിപ്പിച്ചുതന്നു- എന്നും സൂറഃ *അൽഹജ്ജ്* 5-ാം സൂക്തത്തിൽ

وَتَرَى الْأَرْضَ هَامِدَةً فَإِذَا أَنزَلْنَا عَلَيْهَا الْمَاءَ اهْتَزَّتْ وَرَبَتْ وَأَنبَتَتْ مِن كُلِّ زَوْجٍ بَهِيجٍ

എന്നും പ്രസ്താവിച്ചിട്ടുള്ള സംഗതി തന്നെയാണ് ഇവിടെ وَأَنزَلْنَا..... كَرِيمٍ എന്ന വാക്യത്തിലൂടെയും പറയുന്നത്. 22:5-ൽ مِن كُلِّ زَوْجٍ بَهِيجٍ -കൗതുകമാർന്ന സസ്യവർഗങ്ങളൊക്കെയും- എന്നു പറഞ്ഞ സ്ഥാനത്ത് ഇവിടെ مِن كُلِّ زَوْجٍ كَرِيمٍ എന്നാണ് പറഞ്ഞിരിക്കുന്നത്. മഹനീയമായത്, വിലപ്പെട്ടത്, മെച്ചപ്പെട്ടത്, ഉദാരമായത് എന്നെല്ലാം كَرِيم -ന് അർഥമുണ്ട്. 22:5 സസ്യസമൃദ്ധിയിൽ മനുഷ്യർക്കുണ്ടാകുന്ന കൗതുകത്തെയും സന്തോഷത്തെയും സൂചിപ്പിക്കുമ്പോൾ ഈ സൂക്തം സസ്യസമൃദ്ധിയുടെ മൂല്യത്തെയും മഹത്വത്തെയും പ്രയോജനത്തെയും സൂചിപ്പിക്കുന്നു. സാരാംശത്തിൽ بَهِيج -ഉം كَرِيم -ഉം ഒന്നുതന്നെയാണ്.

മനുഷ്യവർഗത്തിന്റെ നിലനിൽപിനാധാരങ്ങളായി മുകളിൽ ചൂണ്ടിക്കാണിച്ച അനുഗ്രഹങ്ങളെല്ലാം അല്ലാഹു-സാക്ഷാൽ പരമേശ്വരൻ- സൃഷ്ടിച്ചുവെച്ചിട്ടുള്ളതാണെന്ന കാര്യം ബഹുദൈവാരാധകരും തർക്കമന്യേ സമ്മതിക്കുന്നതാണ്. ആകാശം, ഭൂമി, മലകൾ, മഴ, സസ്യലതാദികൾ ഇവയിൽ ഏതെങ്കിലുമൊന്നിന്റെ സൃഷ്ടി തങ്ങൾ പൂജിക്കുന്ന പ്രതിഷ്ഠകളുടെ അല്ലെങ്കിൽ പുണ്യാത്മാക്കളുടെ വകയാണെന്ന് ആരും പറയില്ല. എങ്കിൽപിന്നെ തങ്ങൾ വിശ്വസിക്കുന്ന ബഹുദൈവങ്ങൾ സൃഷ്ടിച്ചുതന്നിട്ടുള്ളതായി എന്താണ് വിഗ്രഹാരാധകർക്ക് ചൂണ്ടിക്കാണിക്കാനുള്ളത്? ഒന്നുമില്ല. പിന്നെ അവർ ചെയ്ത ഏതു മഹാ കാര്യത്തിന്റെ പേരിലാണ് അവരെ അല്ലാഹുവിന്റെ അധികാരത്തിലും അവകാശത്തിലും പങ്കാളികളാക്കുന്നത്? ഇതാണ് هَٰذَا خَلْقُ اللَّهِ...... مِن دُونِهِ എന്ന വാക്യത്തിന്റെ താൽപര്യം. ഇതൊന്നും ചിന്തിക്കാൻ തയാറാവാതെ പാരമ്പര്യമായി ലഭിച്ച അന്ധവിശ്വാസങ്ങളുടെ പേരിൽ അസത്യത്തിലും അധർമത്തിലും പൂണ്ടുനിൽക്കുന്നവർ സന്മാർഗത്തിൽ ബഹുദൂരം അകന്നുപോയ കൊടിയ അക്രമികളാണ്. അവരുടെ ഈ പരിതാവസ്ഥയിലുള്ള സഹതാപത്തിന്റെ ധ്വനി കൂടിയുള്ളതാണ് بَلِ الظَّالِمُونَ فِي ضَلَالٍ مُّبِينٍ എന്ന വാക്യം. ●